"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുഭരണ വകുപ്പ് - കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ്(കെ.എ.എസ്) സംബന്ധിച്ച വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് തൊഴിൽ വകുപ്പിൽ നിന്നും പൊതുഭരണ(സ്പെഷ്യൽ-ഇ)വകുപ്പിലേയ്ക്ക് രണ്ട് അസിസ്റ്റന്റ് തസ്തികകൾ പുനർവിന്യസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

പൊതുഭരണ (സർവീസസ് ഇ) വകുപ്പ്

സ.ഉ.(കൈ) നം.10/2021/പൊ.ഭ.വ തീയതി,തിരുവനന്തപുരം, 11/01/2021

---

പരാമർശം:- സ.ഉ(കൈ) നം. 229/2020/പൊഭവ തീയതി 25.11.2020

**ഉത്തരവ്**

കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ്(കെ.എ.എസ്) സംബന്ധിച്ച നിയമന നടപടികളുടെ സുഗമമായ നടത്തിപ്പിനായി ചട്ടങ്ങളെ സംബന്ധിക്കുന്ന ഉപദേശം ഉദ്യോഗസ്ഥ ഭരണപരിഷ്കരണ വകുപ്പിൽ നിലനിർത്തിക്കൊണ്ട് മറ്റ് വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് (സ്പെഷ്യൽ-ഇ) വകുപ്പിനെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ, ടി വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് പൊതുഭരണ(സ്പെഷ്യൽ-ഇ) വകുപ്പിൽ രണ്ട് അസിസ്റ്റന്റുമാരെക്കൂടി അധികമായി അനുവദിക്കേണ്ടതുണ്ട്.

പരാമർശിത ഉത്തരവുപ്രകാരം പൊതുഭരണ സെക്രട്ടേറിയറ്റിലെ പ്രവൃത്തിപഠന റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുതപഠന റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ തൊഴിൽ വകുപ്പിലെ 'ആർ', 'സി' സെക്ഷനുകളിൽ നിന്നും ഓരോ അസിസ്റ്റന്റുമാരെ പൊതുഭരണ(സ്പെഷ്യൽ ഇ) വകുപ്പിലേയ്ക്ക് പുനർവിന്യസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബി.ആർ.യമുന**

**സ്പെഷ്യൽ സെക്രട്ടറി**

പകർപ്പ്

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ ആർ5/ എ ആർ12 ) വകുപ്പ്

പൊതുഭരണ (സർവീസസ് എ/ സ്പെഷ്യൽ ഇ അക്കൗണ്ട്സ് ) വകുപ്പ്

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ